2025
DECEMBER
01
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കേരളത്തോട് ചേർന്നുള്ള ആഴക്കടലിൽ വൻ എണ്ണ, പ്രകൃതിവാതക സമ്പത്ത്



**ന്യൂഡൽഹി:** കേരളത്തോട് ചേർന്നുള്ള ആഴക്കടലിൽ വൻ എണ്ണ, പ്രകൃതിവാതക സമ്പത്തുണ്ടെന്ന് കരുതുന്ന മേഖലയിൽ ഡ്രില്ലിങ്ങിന് തുടക്കമിട്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഓയിൽ ഇന്ത്യ. കേരളത്തിന്റെ തെക്കേ അറ്റം മുതൽ മഹാരാഷ്ട്ര വരെ നീളുന്ന കേരള-കൊങ്കൺ ബേസിനിൽ, കൊല്ലത്തോട് ചേർന്നാണ് പര്യവേക്ഷണം. ഇക്കാര്യം സ്ഥിരീകരിച്ച കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി, ഊർജ സ്വയം പര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഇതൊരു വൻ കുതിച്ചുചാട്ടമാണെന്ന് എക്സിൽ വ്യക്തമാക്കി.

നിലവിൽ ഉപഭോഗത്തിനുള്ള 85-90% ക്രൂഡ് ഓയിലിനും ഇറക്കുമതിയെ ആശ്രയിക്കുന്ന രാജ്യമാണ് ഇന്ത്യ. ഉപഭോഗത്തിനുള്ള പ്രകൃതിവാതകത്തിൽ 50 ശതമാനവും ഇറക്കുമതിയാണ്. ആഭ്യന്തര ഉൽപാദനം വർധിപ്പിച്ച് ഇറക്കുമതി ആശ്രയത്വം പരമാവധി കുറയ്ക്കാനുള്ള ശ്രമത്തിലാണ് രാജ്യം. ഇതിന്റെ ഭാഗമായാണ് കേരള-കൊങ്കൺ മേഖലയിലെ പര്യവേക്ഷണം. അടുത്തിടെ, ആൻഡമാൻ മേഖലയിലും വൻ എണ്ണശേഖരമുണ്ടെന്ന് കരുതുന്ന പ്രദേശത്ത് ഇന്ത്യ പര്യവേക്ഷണ നടപടികൾക്ക് തുടക്കമിട്ടിരുന്നു.

കേരള-കൊങ്കൺ മേഖലയിൽ, കൊല്ലം തീരത്തുനിന്ന് 20 നോട്ടിക്കൽ മൈൽ അകലെയാണ് ഓയിൽ ഇന്ത്യയുടെ പര്യവേക്ഷണം. 6,000 മീറ്റർ ആഴത്തിലുള്ള ഡ്രില്ലിങ് (കാറ്റഗറി3 ബേസിൻ) ഇന്ത്യയിലെ ഏറ്റവും ആഴമേറിയ എണ്ണക്കിണർ ആയിരിക്കുമെന്ന് ഹർദീപ് സിങ് പുരി പറഞ്ഞു. എണ്ണ ഖനന നടപടികളുടെ ഭാഗമായി ഓയിൽ ഇന്ത്യ അടുത്തിടെ ഫ്രഞ്ച് ഊർജ കമ്പനിയായ ടോട്ടൽ എനർജീസുമായി സാങ്കേതിക സഹകരണത്തിന് കരാർ ഒപ്പുവച്ചിരുന്നു.

ഇന്ത്യയ്ക്ക് ഏകദേശം 3.5 മില്യൻ ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ എണ്ണ സമ്പത്തുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ. എന്നാൽ, ഇതിൽ 8% മേഖലയിൽ മാത്രമേ ഇതുവരെ പര്യവേക്ഷണ നടപടികളുണ്ടായിട്ടുള്ളൂ. അതായത്, ഇന്ത്യയ്ക്ക് മുന്നിൽ വലിയ സാധ്യതകളാണുള്ളതെന്ന് ഈ രംഗത്തുള്ളവർ പറയുന്നു.

നേരത്തേ കൊല്ലം, കൊച്ചി-കൊടുങ്ങല്ലൂർ ആഴക്കടലുകളിൽ എണ്ണശേഖരമുണ്ടെന്ന് കരുതുന്ന മേഖലയിൽ ബ്രിട്ടീഷ് കമ്പനിയായ ഡോൾഫിൻ ഡ്രില്ലിങ്ങുമായി ചേർന്ന് ഓയിൽ ഇന്ത്യ പര്യവേക്ഷണത്തിന് ഒരുക്കം നടത്തിയിരുന്നു.

ഇതിന്റെ തുടർച്ചയായാണ് പുതിയ ഡ്രില്ലിങ് നടപടികൾ. പര്യവേക്ഷണം വിജയകരമായാൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും അതു വലിയ കുതിച്ചുചാട്ടമാകും.

## നത്തിംഗ് ഫോൺ (3എ) ലൈറ്റ് ഇന്ത്യയിൽ പുറത്തിറക്കി



**കൊച്ചി:** ലണ്ടൻ ആസ്ഥാനമായുള്ള ടെക്നോളജി കമ്പനിയായ നത്തിംഗ് അതിന്റെ ഏറ്റവും പുതിയ മോഡലായ ഫോൺ (3എ) ലൈറ്റ് ഇന്ത്യൻ വിപണിയിൽ പുറത്തിറക്കി. നത്തിംഗിന്റെ സിഗ്നേച്ചറായ സുതാര്യമായ ഡിസൈൻ, 6.77 ഇഞ്ച് അമോലെഡ് ഡിസ്‌പ്ലേ, ട്രൂലെൻസ് എഞ്ചിൻ 4.0 ഉള്ള 50 എംപി പ്രധാന ക്യാമറ, മീഡിയടെക് ഡൈമെൻസിറ്റി 7300 പ്രോ-ചിപ്സെറ്റ്, 5000 എം.എ.എച്ച് ബാറ്ററി എന്നിവയാണ് ഈ മോഡലിന്റെ പ്രധാന ഫീച്ചറുകൾ. എട്ട് ജിബി + 128 ജിബി ബ്ലൂ വേരിയന്റ് 19,999 രൂപയ്ക്ക് ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഡിസംബർ 5 മുതൽ ഫ്ളിപ്കാർട്ട്, ക്രോമ, ഇന്ത്യയിലെ മറ്റ് പ്രധാന റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ എന്നിവിടങ്ങളിൽ ഫോൺ (3എ) ലൈറ്റ് വിൽപനയ്ക്കെത്തും. മീഡിയടെക് ഡൈമെൻസിറ്റി 7300 പ്രോയിൽ പ്രവർത്തിക്കുന്ന ഫോൺ (3എ) ലൈറ്റ് 16 ജിബി വരെ റാമും (വെർച്വൽ ഉൾപ്പെടെ) 2 ടിബി വരെ വർധിപ്പിക്കാവുന്ന സ്റ്റോറേജും വാഗ്ദാനം ചെയ്യുന്നു. മുഴുവൻ ദിവസത്തെ ഉപയോഗത്തിനായി 33 ഡബ്ല്യു ഫാസ്റ്റ് ചാർജിംഗുള്ള 5000 എം.എ.എച്ച് ബാറ്ററിയാണ് ഫോണിലുള്ളത്. മൂന്ന് വർഷത്തെ പ്രധാന അപ്ഡേറ്റുകളും ആറ് വർഷത്തെ സുരക്ഷാ പാച്ചുകളുമുള്ള ആൻഡ്രോയിഡ് 15 അടിസ്ഥാനമാക്കിയുള്ള നത്തിംഗ് ഒഎസ് 3.5 ആണ് ഓപ്പറേറ്റിംഗ് സിസ്റ്റം. ട്രൂലെൻസ് എഞ്ചിൻ 4.0 പിന്തുണയുള്ള 50 എം.പി പ്രധാന ക്യാമറ, അൾട്രാ എക്സ്.ഡി.ആർ, നൈറ്റ് മോഡ്, 30 എ.ഫ്.പി.എസിൽ 4കെ വീഡിയോ എന്നിവ ഫോണിൽ സജ്ജീകരിച്ചിരിക്കുന്നു. 16 എം.പി മുൻ ക്യാമറ ഉയർന്ന നിലവാരമുള്ള സെൽഫികളെയും വീഡിയോ കോളുകളെയും പിന്തുണയ്ക്കുന്നു. നത്തിംഗിന്റെ വികസിപ്പിച്ച ഗ്ലിഫ് ലൈറ്റ് സിസ്റ്റം പ്രവർത്തനപരമായ അറിയിപ്പുകൾ, ക്യാമറ കൗണ്ട്ഡൗൺ, ഇഷ്ടാനുസൃത കോൺടാക്റ്റ് അലേർട്ടുകൾ എന്നിവ നൽകുന്നു. 120 ഹെർട്സ് അഡാപറ്റീവ് റിഫ്രഷ് നിരക്കും 3000 നിറ്റ്സ് പീക്ക് എച്ച്ഡിആർ ബ്രൈറ്റ്നസും ഉള്ള 6.77 ഇഞ്ച് ഫ്ളെക്സിബിൾ അമോലെഡ് ഡിസ്‌പ്ലേയാണ് ഇതിന്റെ മറ്റൊരു ഫീച്ചറെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഇന്ത്യയുടെ ജിഡിപി 8.2 ശതമാനം

**മുംബൈ:** യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ താരിഫിനും ഇന്ത്യയുടെ വളർച്ച തടയാനായില്ല. 2025–26 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തരോത്പാദനത്തിലെ (ജിഡിപി) വളർച്ച 8.2 ശതമാനം. 48.63 ലക്ഷം കോടി രൂപയുടേതാണ് ജിഡിപി മൂല്യം. കഴിഞ്ഞ ആറ് പാദത്തിനിടെയുള്ള ഏറ്റവും വലിയ വളർച്ചയാണിത്. നടപ്പു സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലെ വളർച്ച 7.8% ആയിരുന്നു. നികുതി ഇളവുകൾ ഉൾപ്പെടെ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളാണ് വളർച്ചയ്ക്ക് സഹായകരമായി തീർന്നത്.

ഒരു വർഷം മുമ്പ് ജൂലൈ-സെപ്റ്റംബർ പാദത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 5.6% ആയിരുന്നു. അന്ന് ജിഡിപി മൂല്യം 44.94 ലക്ഷം കോടി രൂപയായിരുന്നു. 2026 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ റിസർവ് ബാങ്ക് ഒഫ് ഇന്ത്യയുടെ (ആർ.ബി.ഐ) പ്രതീക്ഷിച്ച വളർച്ച ഏഴു ശതമാനമായിരുന്നു. എന്നാൽ ആർ.ബി.ഐയുടെ പ്രവചനങ്ങൾക്കും വളരെ മുകളിലാണ് ഇന്ത്യ നേടിയ വളർച്ച. നടപ്പ് സാമ്പത്തിക വർഷത്തിലെ ഓഗസ്റ്റിലായിരുന്നു യു എസ് പ്രസിഡൻറ് ഇന്ത്യൻ കയറ്റുമതിക്ക് അധിക തീരുവ ഈടാക്കി തുടങ്ങിയത്. യുഎസ് താരിഫുകളുടെ സമ്മർദം സമ്പദ്‌വ്യവസ്ഥയെ ബാധിച്ചിട്ടും അതിനെ മറികടന്നാണ് ഇപ്പോഴത്തെ വളർച്ച.

## 5സ്റ്റാർ റേറ്റിംഗ് നേടി മൂന്നാം തലമുറ ഹോണ്ട അമേസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് , തങ്ങളുടെ ഏറ്റവും പുതിയ മൂന്നാം ജനറേഷൻ ഹോണ്ട അമേസ്, ഭാരത് ന്യൂ കാർ അസസ്മെന്റ് പ്രോഗ്രാമിൽ മികച്ച വിജയം നേടിയതായി പ്രഖ്യാപിച്ചു. അഡൽറ്റ് ഒക്കുപ്പന്റ് പ്രൊട്ടക്ഷനിൽ 5സ്റ്റാർ റേറ്റിംഗും, ചൈൽഡ് ഒക്കുപ്പന്റ് പ്രൊട്ടക്ഷനിൽ 4സ്റ്റാർ റേറ്റിംഗുമാണ് വാഹനം കരസ്ഥമാക്കിയത്. സുരക്ഷയോടുള്ള കമ്പനിയുടെ അചഞ്ചലമായ പ്രതിബദ്ധതയെ എടുത്തു കാണിക്കുന്നതാണ് സുപ്രധാനമായ ഈ നേട്ടമെന്ന് കമ്പനി അധികൃതർ പറഞ്ഞു ഈ വിഭാഗത്തിലെ ഏറ്റവും സുരക്ഷിതമായ വാഹനങ്ങളിലൊന്നെന്ന സ്ഥാനം ഉറപ്പിക്കുന്നതോടൊപ്പം, സുരക്ഷാ കാര്യത്തിലുള്ള ഹോണ്ടയുടെ ശക്തമായ ബ്രാൻഡ് മൂല്യവും ഇത് ഉറപ്പിക്കുന്നു.




# പൊതുമേഖലാ ബാങ്ക് ലയനം: മെഗാ ബാങ്കുകളെ സൃഷ്ടിക്കാൻ കേന്ദ്രം

**ന്യൂദൽഹി:** പൊതുമേഖലാ ബാങ്കുകളുടെ ലയനനീക്കം വീണ്ടും ഊർജിതമാക്കി കേന്ദ്ര സർക്കാർ. നിലവിൽ പൊതുമേഖലയിൽ 12 ബാങ്കുകളാണുള്ളത്. ഇവയിലൊന്നുപോലും -മെഗാ ബാങ്കുകൾ അല്ല. ലോകത്തെ ഏറ്റവും വലിയ 40 ബാങ്കുകളിൽ ഇന്ത്യയിൽ നിന്ന് ഒന്നുപോലുമില്ല. രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ എസ്ബിഐക്ക് സമീപകാല കണക്കുകൾ പ്രകാരം 47-ാം സ്ഥാനമാണുള്ളത്. ഈ സാഹചര്യത്തിൽ, രാജ്യത്തെ നിലവിലെ പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് മെഗാ ബാങ്കുകളെ സൃഷ്ടിക്കാനാണ് കേന്ദ്ര നീക്കം.

ലോകത്തെ ആദ്യ 20 ബാങ്കുകളുടെ കൂട്ടത്തിലേക്ക് ഇന്ത്യയിലെ രണ്ടുപൊതുമേഖലാ ബാങ്കുകളെയെങ്കിലും കൊണ്ടുവരികയാണ് ലക്ഷ്യം. നിതി ആയോഗ് മുന്നോട്ടുവച്ച ലയന നിർദേശത്തിന്റെ നടപടികളിലേക്ക് ധനമന്ത്രാലയം കടന്നിരുന്നു. ലയനം വീണ്ടും നടപ്പാക്കാനുള്ള നീക്കത്തിൽ പ്രധാനമന്ത്രിയുടെ ഓഫിസും ഇടപെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേക്കായി ധനമന്ത്രി നിർമല സീതാരാമൻ ഫെബ്രുവരി ഒന്നിന് അവതരിപ്പിക്കുന്ന ബജറ്റിൽ ബാങ്ക് ലയനം സംബന്ധിച്ച പ്രഖ്യാപനമുണ്ടായേക്കാം. ലയനത്തിന് പുറമേ പൊതുമേഖലാ ബാങ്കുകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപ പരിധി (എഫ്.ഡി.ഐ) ഉയർത്തുന്നതും കേന്ദ്രം പരിഗണിക്കും.2021-22ലെ ബജറ്റിൽ ധനമന്ത്രി ബാങ്ക് സ്വകാര്യവൽക്കരണത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഇതിന്റെ തുടർ നടപടികളും പ്രതീക്ഷിക്കാം



# രജത ജൂബിലി ആഘോഷം ഭവൻസ് മുൻഷി വിദ്യാശ്രമിൽ പാദസ്മൃതി അരങ്ങേറി

**തൃപ്പൂണിത്തുറ:** ഭവൻസ് മുൻഷി വിദ്യാശ്രം രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സ്കൂൾ ഓഡിറ്റോറിയത്തിൽ 'പാദസ്മൃതി' അരങ്ങേറി. ഭാരതീയ വിദ്യാഭവന്റെ സ്ഥാപകനും സ്വാതന്ത്ര്യ സമര സേനാനിയും പ്രകൃതി സ്നേഹിയും എഴുത്തുകാരനുമായ കുലപതി ഡോ. കെ. എം മുൻഷിയുടെ ജീവിതത്തിലേയ്ക്കുള്ള തിരനോട്ടമാണ് പാദസ്മൃതി. മുംബൈ ഭാരതീയ വിദ്യാഭവൻ എക്സിക്യൂട്ടീവ് സെക്രട്ടറിയും ഡയറക്ടർ ജനറലുമായ ജഗദീഷ് ലഖാനി പരിപാടി ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ വേണുഗോപാൽ സി. ഗോവിന്ദ്, ഡയറക്ടർ ഇ. രാമൻകുട്ടി ,പ്രിൻസിപ്പാൾ എസ്. ലത, വൈസ് പ്രിൻസിപ്പാൾ ലിജി പി. പ്രസാദ് തുടങ്ങിയവർ സംസാരിച്ചു.

# ജസ്റ്റീസ് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പുറത്തുവിടണം: പി. ഒ. സി കമ്മീഷൻ

**കൊച്ചി:** കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ നവംബർ 28 ന് സമ്മേളിച്ച പി.ഒ.സി കമ്മീഷന്റെ ജനറൽ ബോഡി യോഗം ജസ്റ്റിസ് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. 2023 മെയ് 17 ന് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടും ഇതുവരെയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുക പോലും ചെയ്യാത്ത നിലപാട് ക്രൈസ്തവ സമൂഹത്തോടുള്ള അവഗണനയാണെന്ന് സമ്മേളനം വിലയിരുത്തി. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിവേകപൂർവ്വം വിനിയോഗിക്കുവാനും സമ്മേളനം ആഹ്വാനം ചെയ്തു. കെ.സി.ബി.സി വൈസ് പ്രസിഡന്റ് ബിഷപ്പ് പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ജനറൽ ബിഷപ്പ് അലക്സ് വടക്കുംതല, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ എന്നിവർ സംസാരിച്ചു. കേരളത്തിലെ 32 രൂപതകളുടെയും സംഘടനകളുടെയും പ്രതിനിധികളും കെ.സി.ബി.സി കമ്മീഷൻ സെക്രട്ടറിമാരും പി.ഒ.സി കൗൺസിലിന്റെ പൊതുയോഗത്തിൽ പങ്കെടുത്തു. വാർഷിക റിപ്പോർട്ടും കണക്കും യോഗത്തിൽ അവതരിപ്പിച്ചു. സഭയോടും സമുദായത്തോടും ബന്ധപ്പെട്ട വിവിധ വിഷയങ്ങളെകുറിച്ച് സമ്മേളനം ചർച്ച ചെയ്തു.

# സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് പെൻഷനേഴ്സ് വാർഷിക സംഗമം

**കൊച്ചി:** സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് പെൻഷനേഴ്സ് ഫോറത്തിന്റെ 14ാമത് വാർഷിക സംഗമം കൊച്ചിയിൽ നടന്നു. 2004 ന് മുമ്പത്തെ പഴയ പെൻഷൻ പദ്ധതിയിലുള്ള പെൻഷൻകാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമ്മർദ്ദ ങ്ങൾ അഖിലേന്ത്യാതലത്തിൽ ചെലുത്തണമെന്ന്



യോഗം തീരുമാനിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിനു സമീപം ഐ.എസ്. പ്രസ് റോഡിലുള്ള സെൻട്രൽ എക്സൈസ് ഓഡി റ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുൻ സി.ബി.ഇ.സി മെമ്പർ എം.ജി വേണുഗോപാൽ മുഖ്യാതിഥി ആയിരുന്നു. കൺവീനർ കെ.എസ് ശശികുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സ്ഥാപക അംഗങ്ങളായ ജോർജ് പണിക്കർ, സി.എസ്.ജി. നായർ എന്നിവരെയും ഇന്റർനാഷണൽ റിലേഷൻസിൽ ഡോക്ടറേറ്റ് ലഭിച്ച കെ. ദേവദാസൻ നായർ, പെൻഷനേഴ്സ് ഫോറത്തിന്റെ 80 വയസിന് മുകളിലുള്ള മുതിർന്ന അംഗങ്ങൾ എന്നിവരെയും പരിപാടിയിൽ ആദരിച്ചു. മുൻ ചീഫ് കമ്മീഷണർ വി.ടി.കെ നായനാർ, പി. ശ്രീധരൻ, കെ.വി. ജോസ്, ജി. വേണുഗോപാൽ, ആർ. രഘു, സി.എസ്.ജി. നായർ, പി. സതീശൻ പ്രസംഗിച്ചു. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ വിവിധ ജില്ലകിൽ നിന്നായി 200 ഓളം അംഗങ്ങൾ പങ്കെടുത്തു.

# മെനിഞ്ചൈറ്റിസ് കുട്ടികൾക്ക് കൂടുതൽ അപകടസാധ്യത; മുൻകരുതലുകൾ അപകട സാധ്യത കുറയ്ക്കും

**കണ്ണൂർ:** മെനിഞ്ചൈറ്റിസ് അഥവ ബ്രെയിൻ ഫീവർ കുട്ടികൾക്കാണ് ഏറ്റവും കൂടുതൽഅപകടസാധ്യതയുള്ളതെന്നും ഓരോ വർഷവും ലോകത്താകെ 2.5 മില്യൺ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നും കണ്ണൂർ ആസ്റ്റർ മിംമ്സ് ആശുപത്രിയിലെ കൺസൾട്ടന്റ് നീയോനറ്റോളജിസ്റ്റ് ഡോ. ശ്രീകാന്ത് സി. നായനാർ പറഞ്ഞു. ഈ രോഗത്തിൽ മരിക്കുന്നവരിൽ ഏകദേശം 70% പേരും അഞ്ചുവയസിന് താഴെയുള്ള കുട്ടികളാണ്. മെനിഞ്ചൈറ്റിസ് എന്ന് പറയുന്നത്, തലച്ചോറിനും ഞരമ്പുതണ്ടിനും ചുറ്റുമുള്ള പാളികളുടെ (മെനിഞ്ചസ്) വീക്കമാണ്. സാധാരണയായി ബാക്ടീരിയ, വൈറസ് അല്ലെങ്കിൽ ഫംഗസ് അണുബാധയാണിത് ഉണ്ടാക്കുന്നത്. രോഗലക്ഷണങ്ങൾരോഗത്തിന്റെ കാരണം, തീവ്രത (അക്യൂട്ട്, സബ്അക്യൂട്ട്, ക്രോണിക്ക്), തലച്ചോറിനു നേരെയുള്ള ബാധ , മറ്റ് സങ്കീർണ്ണതകൾ എന്നിവ പ്രകാരം മാറാറുണ്ട്. സാധാരണ ലക്ഷണങ്ങളിൽ ജ്വരം, തലവേദന, ഛർദ്ദി എന്നിവ ഉൾപ്പെടുന്നു. അപൂർവ്വമായി, ക്ഷീണം, കോമ, കേൾവി, കാണുന്ന ശേഷി കുറയൽ, ബുദ്ധിമുട്ടുകൾ, കൈകാലുകളുടെ ബലക്ഷയം തുടങ്ങിയ നാഡീബന്ധമായ പ്രശ്നങ്ങളും കാണാം. ബ്രസീലിനു ശേഷം ഇന്ത്യയാണ് ലോകത്ത് ഏറ്റവും കൂടുതൽ മെനിഞ്ചൈറ്റിസ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മൂന്ന് രാജ്യങ്ങളിൽ ഒന്നായി നിൽക്കുന്നത്.

ആക്യൂട്ട് ബാക്ടീരിയൽ മെനിഞ്ചൈറ്റിസ് ഉണ്ടാക്കുന്ന മൂന്നു പ്രധാന രോഗാണുക്കളിൽ, നൈസീരിയ മെനിഞ്ചൈറ്റിസ് ആണ് ചികിത്സ ലഭിച്ചിട്ടും 15% വരെ മരണങ്ങളും, ചികിത്സ ലഭിക്കാതിരുന്നാൽ 50% വരെ മരണങ്ങളും ഉണ്ടാക്കുന്ന ഏറ്റവും ഗുരുതരമായത്. ഇന്ത്യയിൽ രണ്ടുവയസ്സിന് താഴെയുള്ള കുട്ടികളിൽ ഈ രോഗാണുവഴിയുള്ള അണുബാധ വർധിച്ചു വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നതായും ഡോ. ശ്രീകാന്ത് സി നായനാർ പറഞ്ഞു. ചെറുപ്രായമുള്ള കുട്ടികളിലാണ് ഏറ്റവും കൂടുതൽ അപകടസാധ്യതയുള്ളത്. അതിനാൽ യഥാസമയമുള്ള വാക്സിനേഷൻ മാത്രമാണ് വർഷംതോറും കാണുന്ന അനാവശ്യ മരണങ്ങളും വൈകല്യങ്ങളും ഒഴിവാക്കാൻ സഹായിക്കുന്നത്. ലോകാരോഗ്യ സംഘടന 2030 ഓടെ ബാക്ടീരിയൽ മെനിഞ്ചൈറ്റിസ് പടരുന്നത് ഇല്ലാതാക്കാനും, വാക്സിനേഷൻ മുഖേന തടയാവുന്ന കേസുകൾ50% കുറയ്ക്കാനും, മരണങ്ങൾ 70% കുറയ്ക്കാനും ലക്ഷ്യമിട്ട് ഒരു റോഡ്മാപ്പ് പുറത്തിറക്കിയിട്ടുണ്ടെന്നും ഡോ. ശ്രീകാന്ത് സി നായനാർ പറയുന്നു.



# അഷ്ടമുടി കായലിലെ പൂവൻ കക്ക; സി.എം.എഫ്.ആർ.ഐയുടെ പുനരുജ്ജീവന ശ്രമങ്ങൾ ഫലം കാണുന്നു

**കൊല്ലം:** അഷ്ടമുടി കായലിലെ പൂവൻ കക്ക സമ്പത്ത് വർധിപ്പിക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ ഐ) ശ്രമങ്ങൾ ഫലം കാണുന്നു. സി.എം.എഫ്.ആർ.ഐ നടത്തിയ ഫീൽഡ് സർവേ പ്രകാരം കക്കയിനത്തിന്റെ ഉൽപാദനത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നും വിത്തുകക്കകൾ കായലിൽ വ്യാപകമായതായും കണ്ടെത്തി. സി.എം.എഫ്.ആർ.ഐയുടെ വിഴിഞ്ഞം റീജണൽ സെന്ററിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം 30 ലക്ഷം കക്ക വിത്തുകൾ കായലിൽ നിക്ഷേപിച്ചിരുന്നു. 2018ലെ പ്രളയാനന്തരം അഷ്ടമുടിയിൽ കക്കവിത്തുൽപാദനം ഗണ്യമായി കുറഞ്ഞ പശ്ചാത്തലത്തിലാണ് പുനരജ്ജീവന ശ്രമങ്ങൾക്ക് കഴിഞ്ഞ വർഷം തുടക്കമിട്ടത്. കായലിലെ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനും ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനുമായാണ് പുനരുജ്ജീവന പദ്ധതി. ഷെൽ ഫിഷ് ഫിഷറീസ് വിഭാഗം നടത്തിയ സർവേയിൽ കക്ക വിത്തുൽപാദനത്തിൽ പുരോഗതി കൈവരിച്ചതായി കണ്ടെത്തി. ഉയർന്ന തോതിൽ ഉപ്പുരസമുള്ള ഭാഗങ്ങളിലാണ് കൂടുതലായും കക്ക കുഞ്ഞുങ്ങളെ കണ്ടെത്തിയത്. ഇവയുടെ വളർച്ച സുഗമമാക്കുന്നതിനും കായലിൽ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനുമായി ഡിസംബർ ഒന്ന് മുതൽ മൂന്ന് മാസത്തേക്ക് കായലിൽ നിന്നും കക്കവാരുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന് സി.എം.എഫ്.ആർ.ഐ നിർദേശിച്ചു. വിഴിഞ്ഞം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ എം. കെ അനിലിന്റെ മേൽനോട്ടത്തിൽ കഴിഞ്ഞ വർഷം നിക്ഷേപിച്ച കക്ക കുഞ്ഞുങ്ങളിൽ 80ശതമാനത്തോളം അതിജീവന നിരക്ക് ലഭിച്ചതായി കണ്ടെത്തി. നിക്ഷേപിച്ച് ഏഴ് മാസത്തിനുള്ളിൽ തന്നെ കക്ക കുഞ്ഞുങ്ങൾ 34 മില്ലി മീറ്റർ വലിപ്പമെത്തി. ഒക്ടോബർ മുതലാണ് ഇവയുടെ പ്രജനന കാലം ആരംഭിക്കുന്നത്. വിവിധ വലിപ്പത്തിലുള്ള കക്കകളാണ് കായലിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താനായത്. കഴിഞ്ഞ മാസം രേഖപ്പെടുത്തിയ ഏറ്റവും ചെറിയ വിത്തിന്റെ അളവ് 2.38 മില്ലി മീറ്റർ ആണ്. ഇനിയുള്ള മാസങ്ങൾ ഇവയുടെ വളർച്ചക്ക് നിർണായകമാണ്. അതിനാലാണ് ഡിസംബർ മുതൽ മൂന്ന് മാസത്തേക്ക് കക്ക വാരൽ നിരോധിക്കണമെന്ന നിർദേശം സി.എം.എഫ്.ആർ.ഐ മുന്നോട്ട് വെച്ചത്. സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീത ശശികുമാറാണ് സർവേക്ക് നേതൃത്വം നൽകിയത്. ദീർഘകാല സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി സി.എം.എഫ്.ആർ.ഐ മുന്നോട്ട് വെച്ച വിവിധ നിർദേശങ്ങൾ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. മിനിമം ലീഗൽ സൈസ് നിയന്ത്രണം, പ്രത്യേക കാലയളവിലെ നിരോധനം, മെക്കാനിക്കൽ ഡ്രെഡ്ജിംഗ് നിരോധനം, കക്കവാരൽ നിരോധിത മേഖലകൾ എന്നിവ ഇതിൽപെടും. ശാസ്ത്രീയമല്ലാത്ത മണൽഖനനവും തോടുകളുടെ ശേഖരണവും വിത്തു കക്കകൾ വീണ സ്ഥലങ്ങളിൽ അവ നശിക്കാൻ കാരണമുണ്ടാകുന്നുണ്ടെന്നും സി.എം.എഫ്.ആർ.ഐ മുന്നറിയിപ്പ് നൽകുന്നു. നിലവിലുള്ള മാനേജ്മെന്റ് നടപടികൾക്ക് സമാനമായി, നീണ്ടകര പാലത്തിന് സമീപമുള്ള ബാർ മൗത്ത് പ്രദേശം കക്ക വാരൽ നിരോധിത മേഖലയായി നേരത്തെ പ്രഖ്യാപിച്ചത് തുടരാനും സി.എം.എഫ്.ആർ.ഐ നിർദേശിച്ചിട്ടുണ്ട്.



# ചേർത്ത് പിടിച്ചവർക്ക് ഹൃദയത്തിൽ നിന്ന് നന്ദി...; ആശുപത്രിക്കിടക്കയിൽ നിന്ന് പ്രതികരണവുമായി ആവണി

**കൊച്ചി:** അപ്രതീക്ഷിതമായി കടന്നെത്തിയ ആപത്തിലും നൊമ്പരങ്ങളിലും ചേർത്തുപിടിച്ചവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ച് അത്യാഹിത വിഭാഗത്തിൽ വിവാഹിതയായ ആവണിയുടെ ആദ്യ പ്രതികരണം.

എല്ലാവരോടും പറഞ്ഞാൽ തീരാത്ത നന്ദിയുണ്ടെന്ന് ആവണി വ്യക്തമാക്കി. ആപത്തിൽ ചേർന്നുനിന്ന ഭർത്താവ് ഷാരോൺ ആത്മവിശ്വാസം പകർന്ന് ഒപ്പമുണ്ടായിരുന്നു.

അപകടത്തിന് ശേഷം ആദ്യമായി വിപിഎസ് ലേക്ഷോറിന്റെ ഔദ്യോഗിക സമൂഹ മാധ്യമ പ്ലാറ്റ്ഫോം വഴി പ്രതികരിക്കുകയായിരുന്നു ആവണി. സ്പൈൻ ശസ്ത്രക്രിയക്ക് ശേഷം ആവണിയെ തുടർചികിത്സക്ക് മുറിയിലേക്ക് മാറ്റിയിരുന്നു. എല്ലാ പിന്തുണയും നൽകി ഒപ്പം നിന്ന വിപിഎസ് ലേക്ഷോറിനെ കുടുംബത്തോടൊപ്പം ചേർത്തുപിടിക്കുകയാണെന്ന് ആവണി പറഞ്ഞു. ചികിത്സ സൗജന്യമാക്കിയതിന് ചെയർമാൻ ഡോ. ഷംഷീർ വയലിലും ഇവിടുത്തെ ഓരോരുത്തരും നൽകിയ പിന്തുണകൾക്കും പറഞ്ഞാൽ തീരാത്ത നന്ദിയുണ്ട്. സ്പർശനമറിയാതെ, കാലുകൾ അവിടെയുണ്ടെന്ന് പോലും തിരിച്ചറിയാത്ത വിധത്തിൽ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടാണ് ഇവിടെയെത്തിയത്. വിരലുകൾ പോലും അനക്കാനാകാത്ത തനിക്ക് ഇനി എഴുന്നേറ്റ് നടക്കാനാകുമെന്ന കാര്യത്തിൽ ഒരു ഉറപ്പുമില്ലായിരുന്നു. എന്നാൽ ഇവിടുത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ആത്മവിശ്വാസം പകർന്നു. ശസ്ത്രക്രിയക്ക് ശേഷം ഫിസിയോ തെറാപ്പി ആരംഭിച്ചു.

ഇപ്പോൾ സ്പർശനം തിരിച്ചറിയാനാകുന്നുണ്ട്. അധികം വൈകാതെ പഴയത് പോലെ എണീറ്റ് നടക്കാനാകുമെന്ന് ഇപ്പോൾ എനിക്ക് ഉറപ്പായി. 'അപകടമുണ്ടായതോടെ എന്റെ ചിന്ത മുഴുവൻ ഷാരോണിനെക്കുറിച്ചായിരുന്നു. എന്റെ ജീവിതമോ പോയി, ഷാരോണിന് കൂടി അതുണ്ടാകരുതെന്നാണ് ഓർത്തത്. എന്നാൽ ഷാരോൺ എന്നെ ചേർത്തുപിടിച്ച് ഒപ്പം നിന്നുവെന്നും ആവണി പറഞ്ഞു. ആവണിക്ക് അപകടം സംഭവിച്ച വിവരം ഞെട്ടലോടെയാണ് കേട്ടതെന്ന് ഷാരോൺ പറഞ്ഞു. 'എന്ത് തന്നെ സംഭവിച്ചാലും ജീവിത കാലം മുഴുവൻ ഒപ്പമുണ്ടെന്ന് അറിയിക്കാൻ ഓടിയെത്തുകയായിരുന്നുവെന്നും ഷാരോൺ വ്യക്തമാക്കി. വി.പി.എസ് ലേക്ഷോറിലെ ഓരോരുത്തരും നൽകിയ പിന്തുണ വിലമതിക്കാനാകാത്തതാണ്. ആദ്യം തന്നെ, എല്ലാവരും കൂടെയുണ്ടെന്ന ഉറപ്പ് നൽകി ന്യൂറോ സർജറി വിഭാഗം തലവൻ ഡോ. സുദീഷ് കരുണാകരൻ ധൈര്യം പകർന്നു.

മറ്റ് ഡോക്ടർമാർ, ആശുപത്രി മാനേജ്മെന്റ്, ജീവനക്കാർ, ബന്ധുക്കൾ തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലിരുന്ന് പിന്തുണ നൽകിയ എല്ലാവരോടും നന്ദി പറയുന്നു. പല ഭാഷകളിൽ നിന്നുള്ളവർ സ്നേഹാശംസകൾ അറിയിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നുണ്ട്. എല്ലാവരോടും തീർത്താൽ തീരാത്ത കടപ്പാടുണ്ട്. ആരോഗ്യസ്ഥിതി വീണ്ടെടുത്തതിന് ശേഷം ചെറിയ രീതിയിൽ ഒരു വിവാഹ സൽക്കാരം നടത്തണമെന്ന ആഗ്രഹമുണ്ടെന്നും അവർ പറഞ്ഞു.ആലപ്പുഴ തുമ്പോളിയിൽ കഴിഞ്ഞ 21നാണ് വിവാഹദിനത്തിലെ മേയ്ക്കപ്പ് ചെയ്യാനുള്ള യാത്രക്കിടെ ആവണി സഞ്ചരിച്ച കാർ അപകടത്തിൽ പെട്ടത്.

ഗുരുതര പരിക്കേറ്റ ആവണിയുടെ വിവാഹം മുൻനിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ എറണാകുളം വിപിഎസ് ലേക്ഷോറിലെ അത്യാഹിത വിഭാഗത്തിൽ നടക്കുകയായിരുന്നു.

# ലോക എയ്ഡ്സ് ദിനാചരണം: പോസ്റ്റർ പ്രകാശനം ചെയ്തു



**കൊച്ചി:** ലോക എയ്ഡ്സ് ദിനാചരണത്തിന്റെ സംസ്ഥാനതല സമ്മേളനത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പ് തയ്യാറാക്കിയ പോസ്റ്ററും വീഡിയോയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ പ്രകാശനം ചെയ്തു. എച്ച്.ഐ.വി പകരുന്നത് തടയാനുള്ള മാർഗനിർദേശങ്ങളടങ്ങിയ പോസ്റ്ററും വീഡിയോയും കൊച്ചി മെട്രോ ജവഹർലാൽ നെഹ്റു സ്റ്റേഡിയം സ്റ്റേഷനിൽ നടന്ന ചടങ്ങിലാണ് പ്രകാശനം ചെയ്തത്. കൊച്ചി മെട്രോ ചീഫ് ജനറൽ മാനേജർ ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ് എ. മണികണ്ഠൻ, സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ ഓപ്പറേഷൻസ് സായ് കൃഷ്ണ, പബ്ലിക് റിലേഷൻസ് ആൻഡ് സോഷ്യൽ മീഡിയ വിഭാഗം സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ കെ.കെ ജയകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് (ആരോഗ്യം) കെ. കെ ആശ, കെ.എസ്.എ.സി.എസ് ജോയിന്റ് ഡയറക്ടർ രശ്മി മാധവൻ , ജില്ലാ എയ്ഡ്സ് കൺട്രോൾ ഓഫീസർ ഡോ. ടിമ്മി റോഡ്രിഗിസ് ജോർജ്, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ജി. രജനി , ദിശ ക്ലസ്റ്റർ പോഗ്രാം മാനേജർ സവിത ഷേണായ് എന്നിവർ പങ്കെടുത്തു.

ഡിസംബർ ഒന്നിനാണ് ലോക എയ്ഡ്സ് ദിനാചരണം. എച്ച്. ഐ. വി ബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുക, ബോധവത്കരണം ശക്തമാക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് നടത്തുന്ന മീഡിയ കാമ്പയിനും ചടങ്ങിൽ തുടക്കം കുറച്ചു.

പ്രതിസന്ധികളെ അതിജീവിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ മുന്നോട്ട് എന്നതാണ് ഈ വർഷത്തെ ലോക എയഡ്സ് ദിനാചരണ സന്ദേശം

# സംസ്കൃതസർവ്വകലാശാല : സംസ്കൃതദിനാഘോഷം ഡിസംബർ മൂന്നിന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സംസ്കൃതദിനാഘോഷങ്ങൾ ഡിസംബർ മൂന്ന്, നാല് തീയതികളിൽ കാലടി മുഖ്യ ക്യാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ നടക്കുമെന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു. ഡിസംബർ നാലിന് രാവിലെ 10.30ന് സംഘടിപ്പിക്കുന്ന സംസ്കൃതദിനാഘോഷങ്ങൾ വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു അധ്യക്ഷയായിരിക്കും. സോമനാഥ് സംസ്കൃതസർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ പ്രൊഫ. ഗോപബന്ധു മിശ്ര മുഖ്യപ്രഭാഷണം നിർവ്വഹിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ് അരുൺകുമാർ, പ്രൊഫ. എം. സത്യൻ, സംസ്കൃതപ്രചരണ പദ്ധതിയുടെ നോഡൽ ഓഫീസർ പ്രൊഫ. കെ.വി. അജിത്കുമാർ, ഡോ. കെ.സി. രേണുക എന്നിവർ പ്രസംഗിക്കും. ഡോ. പി. വിശാലാക്ഷി (സംസ്കൃതം), ഡോ. പി. മാധവൻകുട്ടി വാര്യർ (ആയുർവേദം), എം.കെ. സുരേഷ് ബാബു (നാടകം) എന്നിവരെ ആദരിക്കും. പ്രൊഫ. വി. ലിസി മാത്യു സമ്മാനദാനം നിർവ്വഹിക്കും. തുടർന്ന് നടക്കുന്ന വാക്യാർത്ഥ സഭയിൽ പ്രൊഫ. കൃഷ്ണകുമാർ, പ്രൊഫ. ഇ.എം. രാജൻ, ഡോ. കെ. വി. വാസുദേവൻ, പ്രൊഫ. ഇ.ആർ. നാരായണൻ, പ്രൊഫ. യമുന കെ., ഡോ. ഇ.എൻ. നാരായണൻ, പ്രൊഫ. ജ്യോത്സന ജി. എന്നിവർ പങ്കെടുക്കും.

# അയ്യപ്പൻമാർക്ക് മികച്ച ചികിത്സ: നന്ദിയറിയിച്ച് ആന്ധ്രാ സർക്കാർ

**ശബരിമല:** ആന്ധ്രാ സ്വദേശികളായ ശബരിമല തീർത്ഥാടകർക്ക് മികച്ച ചികിത്സയൊരുക്കിയതിന് നന്ദിയറിച്ച് ആന്ധ്രാപ്രദേശ് സർക്കാർ. സമയബന്ധിതമായി മികച്ച ചികിത്സ ഉറപ്പാക്കിയതിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, കേരള പോലീസ് എന്നിവർക്കാണ് നന്ദിയറിയിച്ചത്.

ഈ മാസം 25 ന് കിഴക്കൻ ഗോദാവരി ജില്ലയിൽ നിന്നുള്ള നാല് അയ്യപ്പ ഭക്തർ സഞ്ചരിച്ചിരുന്ന വാഹനം തിരുവനന്തപുരം ചന്തവിളയിൽ വച്ച് അപകടത്തിൽപ്പെട്ടു. 4 പേർക്ക് പരിക്കേറ്റു. കേരള പോലീസ് ഉടൻ തന്നെ സ്ഥലത്തെത്തി പരിക്കേറ്റവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തിച്ചു. സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മന്ത്രി വീണാ ജോർജ് വിദഗ്ധ പരിചരണം ഉറപ്പാക്കാൻ മെഡിക്കൽ കോളേജ് സൂപ്രണ്ടിന് നിർദേശം നൽകി.

തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ശ്രീനിവാസിന് അടിയന്തര ന്യൂറോ സർജറി നടത്തി തീവ്ര പരിചരണം ഉറപ്പാക്കി. തുടയെല്ലിന് പൊട്ടലുള്ളയാൾ ഓർത്തോ ഐസിയുവിൽ വിദഗ്ധ ചികിത്സയിലാണ്. എല്ലാവർക്കും വിദഗ്ധ ചികിത്സ ലഭ്യമാക്കുകയും ജീവൻ അപകടപ്പെടുത്തുന്ന സങ്കീർണതകളിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്തു.
മണ്ഡലമകരവിളക്ക് സീസണിലെ സർക്കാരിന്റെ നിരീക്ഷണവും ഊർജിത രക്ഷാപ്രവർത്തനവും, വിദഗ്ധ മെഡിക്കൽ സംവിധാനങ്ങൾ, മറ്റ് സംസ്ഥാനങ്ങളുമായുള്ള ഏകോപനം എന്നിവയെ പ്രത്യേകം ആന്ധ്രാ സർക്കാർ അഭിനന്ദിച്ചു.

# പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റിന് സുപ്രീം കോടതിയുടെ ആദരവ്


**ന്യൂഡൽഹി:** പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് എബ്രഹാമിന് സുപ്രീം കോടതിയുടെ ആദരവ്. സുപ്രീം കോടതി ബാർ അസ്സോസിയേഷൻ നിയമ ദിനത്തോടനുബന്ധിച്ചു നടന്ന ചടങ്ങിലാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അഡ്വ. ജോസ് എബ്രഹാമിനെ ആദരിച്ചത്. ഇമിഗ്രേഷൻ ഫോറീനേഴ്സ് ആക്റ്റ് എന്ന പുസ്തകം രചിച്ചതിനാണ് ആദരവ്. ഇന്ത്യയുടെ സോളിസിറ്റർ ജനറൽ തുഷാർ മേഹ്ത മുതിർന്ന അഭിഭാഷകൻ വികാസ് സിംഗ് തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് ചടങ്ങ് നടന്നത്. അടുത്തിടെ ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെയറിൽ വച്ചാണ് ഈ പുസ്തക പ്രകാശനം നടന്നത്.
ഇമ്മിഗ്രേഷൻ ഫോറീനേഴ്സ് ആക്റ്റ് എന്ന പുസ്തകത്തിന് മുഖവുര എഴുതിയിരിക്കുന്നത് ഇന്ത്യയുടെ അറ്റോർണി ജനറൽ ആർ. വെങ്കട്ടരമണിയാണ്. പ്രവാസികളുടെ നിയമശാക്തീകരണം ലക്ഷ്യമാക്കി സുരക്ഷിത കുടിയേറ്റം എന്ന പുസ്തകമുൾപ്പെടെ എട്ടോളം ഗ്രന്ധങ്ങളുടെ രചയിതാവാണ് അഡ്വ. ജോസ് എബ്രഹാം. പ്രവാസികളെ നിയമപരമായി ശാക്തീകരിക്കുക എന്ന മുഖ്യലക്ഷ്യത്തോടെ ഒന്നര പതിറ്റാണ്ടിലേറെയായി പ്രവർത്തിക്കുന്ന സംഘടനയായ പ്രവാസി ലീഗൽ സെല്ലിനുള്ള പ്രവർത്തനമികവിനുള്ള ഏറ്റവും പുതിയ അംഗീകാരമായി ഇതിനെ കാണുന്നതായും പ്രവാസികളെ നിയമപരമായി ശാക്തീകരിക്കാനായി തുടർന്നും ശക്തമായ പ്രവർത്തനം തുടരുമെന്നും പ്രവാസി ലീഗൽ സെൽ ഗ്ലോബൽ വക്താവ് സുധീർ തിരുനിലത്ത് പറഞ്ഞു



## പുതിയ ക്യാമ്പയിനുമായി ഹിമാലയ ബേബികെയർ

**കൊച്ചി:** ബേബി കെയർ ബ്രാൻഡായ ഹിമാലയ ബേബികെയർ പുതിയ ക്യാമ്പയിൻ ആരംഭിച്ചു. അമ്മമാർ വിശ്വസിക്കുകയും ഡോക്ടർമാർ നിർദ്ദേശിക്കുകയും ചെയ്യുന്ന ഹിമാലയ ബേബികെയർ കുഞ്ഞുങ്ങൾ ഏറെ ഇഷ്ടപ്പെടുന്ന ഒരു ബ്രാൻഡാണ് എന്ന സന്ദേശമാണ് പുതിയ ക്യാമ്പയിനിലൂടെ അവതരിപ്പിക്കുന്നത്. എ.ഐ സാധ്യത ഉപയോഗപ്പെടുത്തി മലയാളം ഉൾപ്പടെ എട്ട് ഭാഷകളിലാണ് ക്യാമ്പയിൻ തയ്യാറാക്കിയത്. അമ്മയാണ് എപ്പോഴും ഒരു കുഞ്ഞിന്റെ ആദ്യത്തേതും ഏറ്റവും വിശ്വസനീയവുമായ വഴികാട്ടിയെന്ന് ഓർമ്മിപ്പിക്കുന്നതിനൊപ്പം മാതാപിതാക്കൾ ശിശുരോഗ വിദഗ്ധരിൽ അർപ്പിക്കുന്ന വിശ്വാസത്തെയും കാണിച്ചുതരുന്നു. കുഞ്ഞുങ്ങൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത് എന്ന വിശ്വാസമാണ് ഹിമാലയ ബേബികെയറിനെ മുന്നോട്ട് നയിക്കുന്നതെന്ന് ഹിമാലയ വെൽനസ് കമ്പനിയുടെ ബിസിനസ് ഡയറക്ടർ രാജേഷ് കൃഷ്ണമൂർത്തി പറഞ്ഞു.

## അബ്ദുൾ നാസർ ഐഡി ഫ്രഷ് ഫുഡ് സഹ ചെയർമാൻ



**കൊച്ചി:** രാജ്യത്തെ പ്രമുഖ ഫ്രഷ് ഫുഡ് ബ്രാൻഡുകളിലൊന്നായ ഐഡി ഫ്രഷ് ഫുഡ്, കമ്പനിയുടെ സഹസ്ഥാപകനായ അബ്ദുൾ നാസറിനെ പുതിയ സഹ ചെയർമാനായി നിയമിച്ചു. പ്രവർത്തനം അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായുള്ള പുതിയ നിയമനം കമ്പനിയുടെ വളർച്ചയിൽ അബ്ദുൾ നാസറിന്റെ ദീർഘവീക്ഷണത്തിനും സംഭാവനകൾക്കുമുള്ള അംഗീകാരമാണെന്ന് ഐഡി ഫ്രഷ് ഫുഡ് അറിയിച്ചു. ഐഡിയെ ഒരു നവീന ബ്രാൻഡാക്കി മാറ്റുന്നതിൽ അബ്ദുൾ നാസറിന്റെ സർഗാത്മകമായ കഴിവ് പ്രധാനപ്പെട്ടതായിരുന്നുവെന്ന് ഐഡി ഫ്രഷ് ഫുഡ് സി. ഇ. ഒയും ചെയർമാനുമായ പി. സി മുസ്തഫ പറഞ്ഞു. പുതിയ ചുമതല ഏറ്റെടുക്കുന്നതിലൂടെ, കമ്പനി കൂടുതൽ വളർച്ച കൈവരിക്കുമെന്നും, ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് ആരോഗ്യകരമായ ഉത്പന്നങ്ങൾ കൂടുതൽ മികച്ച രീതിയിൽ നൽകുന്നത് തുടരാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നതായി അബ്ദുൾ നാസർ പറഞ്ഞു.

## മീഷോ ലിമിറ്റഡ് ഐ.പി.ഒ ഡിസംബർ മൂന്ന് മുതൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ മീഷോ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐ.പി.ഒ) ഡിസംബർ മൂന്ന് മുതൽ അഞ്ച് വരെ നടക്കും. 4250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 105,513,839 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 105 മുതൽ 111 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 135 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 135ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# സാംസങ്ങ് ദോസ്ത് സെയിൽസ് പരിപാടി വിപുലീകരിക്കുന്നു

**കൊച്ചി:** സാംസങ്ങ്, രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളിലുള്ള 9,400 യുവാക്കളെ റീട്ടെയിൽ സെയിൽസ് മേഖലയിൽ പരിശീലിപ്പിക്കുന്നതിനായുള്ള ദോസ്ത് (ഡിജിറ്റൽ ആൻഡ് ഓഫ്ലൈൻ സ്കിൽസ് ട്രെയിനിങ്) സെയിൽസ് പരിപാടി വിപുലീകരിക്കുന്നു. 2021ൽ ആരംഭിച്ച ദോസ്ത് സെയിൽസ് പരിപാടി, രാജ്യത്തെ വേഗത്തിൽ വളരുന്ന റീട്ടെയിൽ മേഖലയ്ക്ക് ശക്തമായ ടാലന്റ് പൈപ്പ്ലൈനാണ് ഒരുക്കിയത്. ഈ വർഷം ആരംഭിച്ച ദോസ്ത് സെയിൽസ് 4.0 മുഖാന്തിരം, ഇലക്ട്രോണിക്സ് സെക്ടർ സ്കിൽസ് കൗൺസിൽ ഓഫ് ഇന്ത്യ (ഇഎസ്എസ്സിഐ), ടെലികോം സെക്ടർ സ്കിൽസ് കൗൺസിൽ (ടിഎസ്എസ്സി) എന്നിവരുമായി ചേർന്ന് സാംസങ്ങ് സ്കില്ലിംഗ് മിഷൻ കൂടുതൽ ശക്തിപ്പെടുത്തുകയാണ്.

ഓരോ ട്രെയ്നിയും 120 മണിക്കൂർ ഓൺലൈൻ ക്ലാസ് പരിശീലനവും, കൂടാതെ സാംസങ്ങ് റീട്ടെയിൽ സെയിൽസ് ടീമിന്റെ 60 മണിക്കൂർ സ്പെഷലൈസ്ഡ് പരിശീലനവും നേടുന്നു. പാഠ്യവിഷയങ്ങളിൽ ഉപഭോക്തൃ ഇടപെടലും കമ്മ്യൂണിക്കേഷനും, വിൽപ്പനയുടെ അടിസ്ഥാനങ്ങൾ, റീട്ടെയിൽ പ്രവർത്തനങ്ങൾ, ഉൽപ്പന്ന വിദ്യയും ഡെമോ കഴിവുകളും, സ്റ്റോർ ഓപ്പറേഷനുകളും സർവീസ് എക്സലൻസ് എന്നിവ ഉൾപ്പെടുന്നു. പിന്നീട് 5 മാസം നീളുന്ന രാജ്യവ്യാപക സ്റ്റോർതല 'ഓൺ ദി ജോബ് ട്രെയിനിങ്ങിൽ പ്രവൃത്തി പരിചയം നേടുന്നു. പഠനകാലത്ത് സാംസങ്ങ് പ്രതിമാസ സഹായധനം നൽകുകയും ചെയ്യും. പരിശോധനയ്ക്ക് ശേഷം യോഗ്യത നേടുന്നവർക്ക് സർക്കാർ അംഗീകൃത നാഷണൽ സ്കിൽസ് കാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (എൻ.എസ്.ക്യു.എഫ്) സർട്ടിഫിക്കേഷൻ ലഭിക്കുമെന്നും സാംസങ്ങ് സൗത്ത് വെസ്റ്റ് ഏഷ്യ സി.എസ്.ആറും കോർപ്പറേറ്റ് കമ്മ്യൂണിക്കേഷനും നയിക്കുന്ന ശുഭം മുഖർജി പറഞ്ഞു.

## മുത്തൂറ്റ് മൈക്രോഫിൻ എൻസിഡി വഴി 450 കോടി രൂപ സമാഹരിക്കും

**കൊച്ചി:** എൻ.ബി.എഫ്.സി മൈക്രോ ഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ സെക്യേർഡ് വിഭാഗത്തിൽപ്പെട്ട എൻസിഡികളുടെ സ്വകാര്യ പ്ലേസ്മെന്റ് വഴി 450 കോടി രൂപ സമാഹരിക്കും.

9.70 മുതൽ 9.95 ശതമാനം വരെ പ്രതിവർഷ പലിശ നിരക്കാവും ഇവയ്ക്ക് ഉണ്ടാവുക. സ്ഥാപനത്തിന്റെ തുടർ വായ്പാ പദ്ധതികൾ, മൂലധന ആവശ്യങ്ങൾ, കടം തിരിച്ചടയ്ക്കൽ, പുനർവായിപ്പുകൾ, പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കാകും സമാഹരിക്കുന്ന തുക ഉപയോഗിക്കുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഡിസംബർ, ജനുവരി മാസങ്ങളിലായി 225 കോടി രൂപ വീതം രണ്ടു ഘട്ടങ്ങളിലായാവും തുക സമാഹരിക്കുക. ക്രിസിൽ എ പ്ലസ് പോസിറ്റീവ് റേറ്റിംഗ് ആണ് ഈ എൻസിഡികൾക്ക് ഉള്ളത്.

മുത്തൂറ്റ് മൈക്രോഫിനിന്റെ ഇടക്കാല മൂലധന സ്ഥിതി മെച്ചപ്പെടുത്താനും മൈക്രോ ഫിനാൻസ് രംഗത്തെ വായ്പശേഷി കൂടുതൽ ശക്തമാക്കാനും ഈ നീക്കം സഹായകമാകും. എൻസിഡികൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യും.

# പ്രതീക്ഷ സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം/കൊച്ചി:** ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന എച്ച്.എൽ.എല്ലിന്റെ പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി, പ്രഫഷണൽ, സാങ്കേതിക കോഴ്സുകൾക്ക് പഠിക്കുന്ന സമർഥരായ വിദ്യാർഥികളിൽ നിന്ന് സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. എച്ച്.എൽ.എല്ലിന്റെ സാമൂഹിക ഉത്തരവാദിത്വ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രതീക്ഷ സ്കോളർഷിപ്പ് ബി.പി.എൽ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കാണ് നൽകുന്നത്.

കേരളത്തിനുള്ളിൽ മെഡിസിൻ, എൻജിനീയറിങ്, ഫാർമസി, ഡിപ്ലോമ, നഴ്സിങ്, ഐ.ടി.ഐ കോഴ്സുകൾക്ക് പഠിക്കുന്ന തിരുവനന്തപുരം ജില്ലക്കാരായ വിദ്യാർഥികൾക്കാണ് പ്രതീക്ഷ സ്കോളർഷിപ്പുകൾ നൽകുന്നത്. ഇക്കൊല്ലം 30 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷാ ഫോമുകൾ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഓഫീസുകളിൽ ലഭ്യമാണ്.

www.lifecarehll.com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോമുകൾ ഡൗൺലോഡ് ചെയ്യാം. അപേക്ഷകൾ സീനിയർ മാനേജർ, എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്, കോർപ്പറേറ്റ് ആന്റ് രജിസ്റ്റേർഡ് ഓഫീസ്, എച്ച്.എൽ.എൽ ഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ 2025 ഡിസംബർ 31 ന് മുൻപായി ലഭിക്കണം. എം.ബി.ബി.എസ് വിദ്യാർഥികൾക്ക് പ്രതിവർഷം 40,000 രൂപയാണ് സ്കോളർഷിപ്പ് ലഭിക്കുക. എം.ബി.ബി.എസ് വിദ്യാർഥികളുടെ അഭാവത്തിൽ ബി.ഡി.എസ്, ബി.എച്ച്.എം.എസ്, ബി.എ.എം.എസ് വിദ്യാർഥികളെ 25000 രൂപയുടെ സ്കോളർഷിപ്പിനായി പരിഗണിക്കും. ഫാർമസി വിദ്യാർത്ഥികൾക്ക് 25,000, എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് 20,000, ഡിപ്ലോമ, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000 എന്നിങ്ങനെയാണ് തുക നിശ്ചയിച്ചിരിക്കുന്നത്. ഐ.ടി.ഐ വിദ്യാർഥികൾക്ക് 5000 രൂപയാണ് സ്കോളർഷിപ്പായി ലഭിക്കുന്നത്. ഓരോ വിഭാഗത്തിലും അഞ്ച് പേർക്ക് വീതം പഠനകാലം മുഴുവനും സ്കോളർഷിപ്പ് തുക നൽകും. പഠനമികവും സാമ്പത്തിക പശ്ചാത്തലവും അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. കൂടാതെ സ്കോളർഷിപ്പ് കാലയളവിൽ പഠനമികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വർഷംതോറും സമർപ്പിക്കണം. പ്രതീക്ഷ ചാരിറ്റി സൊസൈറ്റി വഴി എച്ച്.എൽ.എൽ 2014 മുതൽ ഇതുവരെ തിരുവനന്തപുരം, കർണാടകയിലെ ബെൽഗാം എന്നിവിടങ്ങളിലെ പഠന മികവ് പുലർത്തിയ 321 ബി.പി.എൽ വിദ്യാർഥികൾക്ക് 1,27,50,000/ രൂപ പഠനസഹായം അനുവദിച്ചു. എച്ച്.എൽ.എൽ ജീവനക്കാരുടെ സംഭാവനകളും സിഎസ്ആർ ഫണ്ടും ഉപയോഗിച്ചാണ് പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയിലേക്ക് വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പിനുള്ള ധനം സമാഹരിക്കുന്നത്.



# ഇ.എസ്.ജി റേറ്റിംഗ്: മികവ് പുലർത്തി ഇസാഫ് ബാങ്ക്

**കൊച്ചി:** പാരിസ്ഥിതിക, സാമൂഹിക, ഭരണനിർവഹണ രംഗത്തെ ശ്രദ്ധേയ പ്രവർത്തനങ്ങൾക്ക് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് ഉയർന്ന ഇ.എസ്.ജി റേറ്റിംഗ്. സെബിയുടെ (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) മാനദണ്ഡങ്ങൾക്ക് അനുസൃതമായി, കെയർഎഡ്ജ് ഏജൻസിയാണ് ഇസാഫ് ബാങ്കിന് ഉയർന്ന റേറ്റിംഗായ 75.4 നൽകിയത്. കഴിഞ്ഞവർഷം 68.1 ആയിരുന്നു റേറ്റിംഗ്. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി സാമ്പത്തിക സേവനങ്ങൾ നൽകുന്നതിൽ ഇസാഫ് ബാങ്ക് സ്ഥിരതയാർന്ന മികവാണ് പുലർത്തുന്നതെന്ന് ഏജൻസി വിലയിരുത്തിയതായി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ എംഡിയും സിഇഒയുമായ ഡോ. കെ പോൾ തോമസ് പറഞ്ഞു. ഇതിന്റെ ഭാഗമായി, സാമൂഹിക ഉന്നമനം ലക്ഷ്യമിട്ട് ബാങ്ക് നടത്തുന്ന പ്രവർത്തനങ്ങൾക്ക് 82.6 റേറ്റിംഗ് ലഭിച്ചു. വിവിധ സാമൂഹിക വികസന പദ്ധതികൾക്കു പുറമെ, അടിസ്ഥാന ജനവിഭാഗങ്ങൾക്കുള്ള വായ്പാ വിതരണം, സ്ത്രീ കേന്ദ്രീകൃത സാമ്പത്തിക ശാക്തീകരണം എന്നിവയിലും ഇസാഫ് ബാങ്ക് മികവ് പുലർത്തി. ഉത്തരവാദിത്ത ബാങ്കിങ് പ്രവർത്തനങ്ങളോടും എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസന കാഴ്ചപ്പാടിനോടുമുള്ള ഇസാഫ് ബാങ്കിന്റെ പ്രതിബദ്ധതയാണ് ഉയർന്ന ഇ എസ് ജി റേറ്റിംഗിലൂടെ പ്രതിഫലിക്കുന്നതെന്നും ഡോ. കെ പോൾ തോമസ് പറഞ്ഞു.

സാമ്പത്തിക ശാക്തീകരണത്തിലൂടെ സാമൂഹിക മുന്നേറ്റം നടപ്പാക്കുകയെന്ന ബാങ്കിന്റെ കാഴ്ചപ്പാടിനെ ശക്തിപ്പെടുത്തുന്നതാണ് ഈ അംഗീകാരമെന്നും അദ്ദേഹം പറഞ്ഞു. ബാങ്കിങ് സേവനങ്ങൾ എത്തിപ്പെടാത്ത ഗ്രാമീണ ഇന്ത്യയിലാണ് ഇസാഫ് ബാങ്കിന്റെ 25 ശതമാനം ബ്രാഞ്ചുകളും പ്രവർത്തിക്കുന്നത്.




# വിപണിയിൽ ബ്ലോക്ബസ്റ്ററായി മഹീന്ദ്രയുടെ ഇലക്ട്രിക് ഒറിജിൻ എസ്യുവികൾ

**കൊച്ചി:** വിപണിയിലെത്തി ഒരുവർഷം കൊണ്ട് തന്നെ ബ്ലോക്ബസ്റ്ററായി മഹീന്ദ്രയുടെ ഇലക്ട്രിക് ഒറിജിൻ എസ്യുവികളായ എക്സ്ഇവി 9ഇ, ബിഇ 6 മോഡലുകൾ. കഴിഞ്ഞ നവംബറിലാണ് മഹീന്ദ്ര രണ്ട് പ്യുവർ ഇലക്ട്രിക് ഒറിജിൻ എസ്യുവികൾ പുറത്തിറക്കിയത്. പിന്നാലെ ഇന്ത്യൻ ഇവി വിപണിയിൽ വൻ തരംഗമാണ് ഇരുമോഡലുകളും സൃഷ്ടിച്ചത്. ഓരോ 10 മിനിറ്റിലും ഒരെണ്ണം എന്ന രീതിയിൽ, ഏകദേശം ഏഴ് മാസത്തിനുള്ളിൽ 30,000ൽ അധികം മഹീന്ദ്ര ഇലക്ട്രിക് ഒറിജിൻ എസ്യുവികളാണ് റോഡിൽ എത്തിയത്. ഇത് വിപണിയിലെ പുതിയ നേട്ടമാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

1000ൽ അധികം മഹീന്ദ്ര ഇലക്ട്രിക് ഒറിജിൻ എസ്യുവികൾ ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ 20,000 കിലോമീറ്റർ പിന്നിട്ടിരുന്നു. ചിലത് ഏഴ് മാസത്തിനുള്ളിൽ 50,000 കിലോമീറ്റർ എന്ന നാഴികക്കല്ലും മറികടന്നു. 70 ശതമാനം വാഹനങ്ങൾ എല്ലാ മാസവും 1,000 കിലോമീറ്റർ അധികം ഓടിക്കുന്നുവെന്ന പ്രത്യേകതയുമുണ്ട്. 65 ശതമാനം വാഹനങ്ങളും എല്ലാ പ്രവൃത്തി ദിവസവും വാഹനം നിരത്തിലിറക്കുന്നുണ്ട്. ഉടമകൾ മൊത്തത്തിൽ 200 ദശലക്ഷം കിലോമീറ്ററിലധികം ഓടിച്ചുവെന്നതും ശ്രദ്ധേയമാണ്. എക്സ്ഇവി 9ഇ, ബിഇ 6 മോഡലുകളുടെ വിപണി അവതരണം 4 ബില്യണിലധികം കാഴ്ചക്കാരെ നേടി. ഈ വർഷത്തെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഇന്ത്യൻ വാഹനങ്ങളെന്ന സവിശേഷതയും ഇരു മോഡലുകൾക്കുമുണ്ട്. നിലവിൽ ആഡംബര വാഹന പ്രേമികൾക്ക് പുറമേ ബിസിനസ് പ്രമുഖർ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരുടെയും ഇഷ്ട ഇവി മോഡലും മഹീന്ദ്രയുടെ ഇലക്ട്രിക് ഒറിജിൻ എസ്യുവികൾ തന്നെയാണ്.

ഏത് കാലാവസ്ഥയിലും സുഗമമായ റൈഡിങ്ങാണ് മഹീന്ദ്ര ഇലക്ട്രിക് ഒറിജിൻ എസ്യുവികൾ വാഗ്ദാനം ചെയ്യുന്നത്.

ഏകദേശം 60 ശതമാനം മഹീന്ദ്ര ഇലക്ട്രിക് ഒറിജിൻ എസ്യുവികൾക്കും 500 കിലോമീറ്ററിലധികം സിറ്റി റേഞ്ച് ലഭിക്കുന്നുണ്ടെന്ന് ഉടമകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുവെന്നും കമ്പനി അധികൃതർ പറഞ്ഞു.




# വോങ്കവിറ്റ്സ് ഫിനാൻസ് ക്വിസ്; സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജ് ജേതാക്കൾ

**കൊച്ചി:** സാമ്പത്തിക മേഖലയുമായും ഓഹരി വിപണിയുമായും ബന്ധപ്പെട്ട് യെസ് സെക്യൂരിറ്റീസ് സംഘടിപ്പിക്കുന്ന ക്വിസ് മത്സരമായ വോങ്കവിറ്റ്സിന്റെ രണ്ടാമത് സീസണിൽ കൊച്ചി മേഖലാ മൽസരത്തിൽ സേക്രഡ് ഹാർട്സ് കോളേജ് വേദിയായി. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിലെ ജാസീം പലശ്ശേരിത്തിക്കലും മുഹമ്മദ് ഷദിലും അടങ്ങിയ ടീം വിജയികളായി. വിജയികൾ ഡിസംബർ 19ന് മുംബൈയിൽ നടത്തുന്ന ഗ്രാന്റ് ഫിനാലേയിൽ മറ്റ് ഒൻപത് മേഖലാ വിജയികൾക്ക് ഒപ്പം ദേശീയ ചാമ്പ്യൻഷിപ്പിനായി മത്സരിക്കും. തേവര എസ്എച്ച് കോളേജിലെ വാണി പ്രദീപ്, വീണ പ്രദീപ് എന്നിവർ രണ്ടാം സ്ഥാനത്തും കൊച്ചി നേവി ചിൽഡ്രൻ സ്ക്കൂളിലെ ഹർനീത് സിങ്, താൻവി ദിവാകർ എന്നിവരടങ്ങിയ ടീം മൂന്നാം സ്ഥാനത്തും എത്തി. യെസ് സെക്യൂരിറ്റീസ് വെൽത്ത് ബ്രോക്കിങ് വിഭാഗം സോണൽ മേധാവി അനൂപ് ശിവരാമ മേനോൻ എസ്.എച്ച് കോളേജ് കോർഡിനേറ്റർ നിഷാൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

# ആക്സിസ് ബാങ്ക് ഫ്ളാഷ്ബാക്ക് കാമ്പയിൻ ആരംഭിച്ചു



**കൊച്ചി:** ആക്സിസ് ബാങ്ക് സീനിയർ ഉപഭോക്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ 'ഫ്ളാഷ്ബാക്ക്' കാമ്പയിൻ ആരംഭിച്ചു. 60, 70 കാലഘട്ടത്തിലെ എക്കാലത്തെയും മികച്ച ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിലൂടെ മുതിർന്ന ഉപഭോക്താക്കൾക്ക് സന്തോഷവും, ബാങ്കുമായി കൂടുതൽ ബന്ധപ്പെടുന്നതിനുള്ള അവസരവും നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ വർഷം ഫ്ളാഷ്ബാക്ക് ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ മലയാളം, കന്നഡ, തെലുങ്ക്, തമിഴ് തുടങ്ങിയ പ്രാദേശിക ഭാഷകളിലെ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഇതിലൂടെ പ്രാദേശിക പ്രേക്ഷകരുമായി കൂടുതൽ ആഴത്തിലുള്ള സാംസ്കാരിക ബന്ധം സ്ഥാപിക്കാനും ലക്ഷ്യമിടുന്നു. എറണാകുളം, ഡൽഹി എൻ.സി.ആർ, മുംബൈ, പൂനെ, അഹമ്മദാബാദ്, കൽക്കത്ത, ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, ലുധിയാന, ജയ്പൂർ, ലക്നൗ, ചണ്ഡീഗഡ്, പട്ന, റാഞ്ചി, വഡോദര, ഇൻഡോർ, നാഗ്പൂർ, സൂറത്ത്, മംഗലാപുരം, കോയമ്പത്തൂർ ഉൾപ്പെടെ 21 നഗരങ്ങളിലായാണ് ഈ സിനിമകൾ പ്രദർശിപ്പിക്കുന്നത്. അമർ അക്ബർ ആന്റണി (ഹിന്ദി), ചുപ്കെ ചുപ്കെ (ഹിന്ദി), ഗന്ധദ ഗുഡി (കന്നഡ), മായാബസാർ (തെലുങ്ക്), മണിച്ചിത്രത്താഴ് (മലയാളം), മുതൽ മരിയാദൈ (തമിഴ്) എന്നീ എക്കാലത്തെയും പ്രിയപ്പെട്ട സിനിമകൾ പ്രദർശിപ്പിക്കുന്നതിനായി പി.വി.ആർ, സെൻകോ, വൈബ്സ്, മാർസി എന്നിവരുമായി ബാങ്ക് സഹകരിക്കും.

സാമ്പത്തിക ഇടപാടുകൾക്കപ്പുറത്തെ ബന്ധങ്ങൾ വളർത്താൻ ബാങ്ക് ആഗ്രഹിക്കുന്നു. 'ദിൽ സെ ഓപ്പൺ' എന്ന ബ്രാൻഡ് തത്വത്തിനോട് അനുസൃതമായി ഫ് ളാഷ്ബാക്ക് എന്ന പദ്ധതിയിലൂടെ വർഷങ്ങളായി ഉപഭോക്താക്കൾ അർപ്പിച്ച വിശ്വാസത്തിന് നന്ദിയോടും സ്നേഹത്തോടെയും അവരുമായി ഇടപെഴകാനുള്ള തങ്ങളുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നതെന്ന് ആക്സിസ് ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ അനൂപ് മനോഹർ പറഞ്ഞു. ഇതിലൂടെ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് തങ്ങളുടെ ലക്ഷ്യം. എക്കാലത്തെയും ക്ലാസിക്കൽ സിനിമകളിലൂടെ മുതിർന്ന ഉപഭോക്താക്കൾക്കളുടെ മുൻകാല സ്മരണകൾ ഉണർത്തി സന്തോഷം നിറഞ്ഞ അനുഭവം നൽകാനും, അവരുടെ മനസ്സിനെ പഴയ കാലത്തിലേക്ക് കൊണ്ടുപോകാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അനൂപ് മനോഹർ പറഞ്ഞു.



# ലുലു ബ്യൂട്ടി ഫെസ്റ്റിന് തുടക്കം

**കൊച്ചി:** ഫിയാമ എൻഗേജ് അവതരിപ്പിക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റ് 2025 എഡിഷന് ലുലുമാളിൽ തുടക്കമായി. ഉദ്ഘാടനം നടി അതിഥി രവി നിർവഹിച്ചു. ഡിസംബർ 7 വരെയാണ് ബ്യൂട്ടി ഫെസ്റ്റ് നടക്കുക. വിവൽ, യാർഡ്ലി എന്നീ ബ്രാൻഡുകളാണ് പവേർഡ് ബൈ പാർട്ട്ണർ. ലുലു നിവ്യാ ബ്യൂട്ടി ക്വീൻ, ലുലു പാരീസ് കോർണർ മാൻ ഓഫ് ദി ഇയർ മത്സരങ്ങളിലായി 20 മെയിൽ 20 ഫീമെയിൽ എന്നിങ്ങനെ 40 മത്സരാർത്ഥികളാണ് പങ്കെടുക്കുന്നത്. റാംപ് വാക്ക് ഉൾപ്പടെ നടക്കും. 4 ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് വിജയികൾക്ക് സമ്മാനിക്കും. ബ്യൂട്ടി ഫെസ്റ്റ് നടക്കുന്ന ഡിസംബർ 7 വരെ ബ്യൂട്ടി പ്രൊഡക്റ്റുകൾക്ക് 50 ശതമാനം വരെ വിലക്കുറവ് ലഭിക്കും. ചടങ്ങിൽ ലുലു സെൻട്രൽ ബയ്യിങ്ങ് മാനേജർ റഫീഖ്, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ഡപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ, പാരീസ് കോർണർ ഡയറക്ടർമാരായ ഫാസിൽ, ഷഹബാസ്, പാരീസ് കോർണർ മാർക്കറ്റിങ്ങ് ഹെഡ് രമ്യ എന്നിവർ സംബന്ധിച്ചു.

# ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ: പരീക്ഷ ഡിസംബറിൽ ആരംഭിക്കും

**തിരുവനന്തപുരം:** സ്കോൾ കേരള ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ പൊതു പരീക്ഷ ഡിസംബർ 21ന് ആരംഭിക്കും. തിയറി പരീക്ഷ ഡിസംബർ 21, 2026 ജനുവരി 03, 04 തീയതികളിലും, പ്രായോഗിക പരീക്ഷ ഡിസംബർ 26, 27, 28, 29, 30 തീയതികളിലും, അതത് പഠന കേന്ദ്രങ്ങളിൽ നടത്തും.

പരീക്ഷാ ഫീസ് 1200 രൂപ. പിഴ കൂടാതെ ഡിസംബർ 5 വരെയും 100 രൂപ പിഴയോടെ ഡിസംബർ 12 വരെയും അടയ്ക്കാം. യോഗ പഠിതാക്കൾക്ക് നൽകിയിട്ടുള്ള യൂസർനെയിമും പാസ്വേഡും ഉപയോഗിച്ച് സ്കോൾ കേരളയുടെ വെബ്സൈറ്റായ www.scolekerala.org bnse Students Log-inൽ ' Exam Fee Payment ' എന്ന ലിങ്ക് വഴി ഫീസ് അടയ്ക്കാം.

സ്കോൾ കേരള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ച്, ഫീസ് ഒടുക്കിയ ഓൺലൈൻ രസീത്, സ്കോൾകേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠനകേന്ദ്രം പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കണം. ഇന്റേണൽ പരീക്ഷക്ക് 40 ശതമാനം മാർക്കും സമ്പർക്ക ക്ലാസിലെ 80 ശതമാനം ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത.

യോഗ ഒന്നാം ബാച്ച് (2024 മെയ്) പൊതുപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും വിവിധ കാരണങ്ങളാൽ പൂർണ്ണമായോ/ഏതെങ്കിലും വിഷയങ്ങൾ മാത്രമായോ എഴുതാൻ കഴിയാതെവരികയും ചെയ്ത വിദ്യാർഥികൾക്കും ഏതെങ്കിലും വിഷയത്തിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും ഡിസംബറിലെ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471-2342950, 2342271, 2342369.

# സൈബർ തട്ടിപ്പിനെതിരെ സേഫ് സെക്കണ്ടറി അക്കൗണ്ടുമായി എയർടെൽ

**കൊച്ചി:** ഡിജിറ്റൽ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എയർടെൽ പേയ്മെന്റ്സ് ബാങ്ക് സേഫ് സെക്കൻഡ് അക്കൗണ്ടുമായി എയർടെൽ. ഭാരതി എയർടെൽ വൈസ് ചെയർമാനും എം.ഡിയുമായ ഗോപാൽ വിത്തൽ എയർടെൽ ഉപഭോക്താക്കൾക്ക് എഴുതിയ കത്തിലാണ് ഈ കാര്യം അറിയിച്ചത്.

വ്യാജ പാർസൽ ഡെലിവറി കോളുകൾ ,ഡിജിറ്റൽ അറസ്റ്റ് തുടങ്ങിയ ഭീഷണികൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ എയർടെൽ ഉപഭോക്താക്കളുടെ സുരക്ഷക്ക് ഉയർന്ന മുൻഗണന നൽകുമെന്ന് അദ്ദേഹം കത്തിൽ പറഞ്ഞു. സേഫ് സെക്കൻഡ് അക്കൗണ്ട് പ്രാഥമികമായി പേയ്മെന്റുകൾക്ക് ഉള്ളതാണെന്നും കുറഞ്ഞ ബാലൻസ് മാത്രമേ ആവശ്യമുള്ളൂവെന്നും പലിശ ലഭിക്കുമെന്നും അദ്ദേഹം കത്തിൽ വിശദീകരിക്കുന്നു. എയർടെൽ പേയ്മെന്റ്സ് ബാങ്ക് ക്രെഡിറ്റ് നൽകാത്തതിനാൽ, ഉപഭോക്താക്കൾ അക്കൗണ്ടിൽ വലിയ തുകകൾ സൂക്ഷിക്കേണ്ടതില്ല.

എയർടെൽ താങ്ക്സ് ആപ്പ് വഴി ഇത് വേഗത്തിലും സൗകര്യപ്രദവുമായി ആരംഭിക്കാം. ഉപഭോക്താക്കൾക്ക് അവരുടെ പ്രാഥമിക ബാങ്കിൽ നിന്ന് പണം ട്രാൻസ്ഫർ ചെയ്തോ ഏതെങ്കിലും എയർടെൽ പേയ്മെന്റ്സ് ബാങ്ക് റീട്ടെയിൽ പോയിന്റിൽ പണം നിക്ഷേപിച്ചോ സേഫ് സെക്കൻഡ് അക്കൗണ്ട് ടോപ്പ് അപ്പ് ചെയ്യാമെന്ന് അദ്ദേഹം കത്തിൽ പറഞ്ഞു. സുരക്ഷിത ഡിജിറ്റൽ പണമിടപാട്; എയർടെൽ പേയ്മെന്റ്സ് ബാങ്ക് സേഫ് സെക്കന്റ് അക്കൗണ്ട് ആരംഭിക്കും.

# രണ്ട് ഇടിഎഫുകൾ അവതരിപ്പിച്ച് ബന്ധൻ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** ബന്ധൻ മ്യൂചൽ ഫണ്ട് ബന്ധൻ ഗോൾഡ് ഇടിഎഫും ബന്ധൻ സിൽവർ ഇടിഎഫും അവതരിപ്പിച്ചു. ഈ ഓപ്പൺഎൻഡ് സ്കീമുകൾ യഥാക്രമം ഭൗതിക സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ആഭ്യന്തര വിലകൾ ട്രാക്ക് ചെയ്യും. പുതിയ ഫണ്ട് ഓഫറുകൾ ഡിസംബർ 01ന് ആരംഭിച്ച് ഡിസംബർ 03ന് അവസാനിക്കും. ആഗോള അനിശ്ചിതത്വത്തിന്റെ ഒരു കാലഘട്ടത്തിൽ, കറൻസികൾ ദുർബലമാകുമ്പോൾ അല്ലെങ്കിൽ പോർട്ട്ഫോളിയോകൾക്ക് വൈവിധ്യവൽക്കരണം ആവശ്യമുള്ളപ്പോൾ ആപേക്ഷിക സ്ഥിരത നൽകിക്കൊണ്ട്, സ്വർണ്ണം വീണ്ടും ഒരു നിഷ്പക്ഷ മൂല്യശേഖരമായി ഉയർന്നുവന്നിരിക്കുന്നു. അതേസമയം, വെള്ളി വിലപ്പെട്ട ഒരു ആസ്തി എന്ന നിലയിൽ മാത്രമല്ല, പുനരുപയോഗ ഊർജ്ജം, ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് തുടങ്ങിയ ഭാവി കേന്ദ്രീകൃത മേഖലകൾക്ക് നിർണായകമായ ഒരു വ്യാവസായിക ലോഹം എന്ന നിലയിലും പുതിയ പ്രാധാന്യം കണ്ടെത്തുന്നു. സ്വർണ്ണമോ വെള്ളിയോ സമർത്ഥമായും സുതാര്യമായും കാര്യക്ഷമമായും ആക്സസ് ചെയ്യാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് അത് എളുപ്പമാക്കുക എന്നതാണ് ഈ ഇടിഎഫുകളുടെ ലക്ഷ്യം.

